**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4243 | 13.12.2018-ലെ മറുപടിയ്ക്ക്

**<u>ഫുട്ബോൾ പരിശീലനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ഡോ.എം. കെ. മുനീർ**<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**,, പി.ഉബൈദുള്ള** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കുട്ടികൾക്ക് ചെറുപ്രായത്തിൽ തന്നെ ഫുട്ബോൾ പരിശീലനം നൽകുന്നതിന് കായികവകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ), (ബി) & (സി) | ഉണ്ട്. ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 18 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്ക് പുറമെ ടി സ്കൂളുകളുടെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെയും ഉൾപ്പെടുത്തി പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് മികവ് തെളിയിക്കുന്ന 25 കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. വിദേശ പരിശീലകരുടെ സാങ്കേതിക സഹായം, പരിശീലന മത്സരങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ ഡി-ലൈസൻസ് യോഗ്യതയുള്ള പരിശീലകരെയാണ് പരിശീലകരായി നിയോഗിച്ചിട്ടുള്ളത്. പരിശീലന മത്സരങ്ങൾ, സ്പോർട്സ് കിറ്റ്, ഭക്ഷണം എന്നിവ പ്രസ്തുത പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന |
| (ബി) | വിദേശ പരിശീലകരുടെ സാങ്കേതിക സഹായം, പരിശീലന മത്സരങ്ങൾ, സ്പോർട്സ് കിറ്റ് എന്നിവ ഈ പദ്ധതിയിലൂടെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (സി) | ഈ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | കുട്ടികൾക്ക് ലഭ്യമാക്കുന്നു.<br>കൂടാതെ കുട്ടികളുടെ ഫുട്ബോൾ കളിമികവ് ഉയർത്തുന്നതിനായി വിവിധ ജില്ലകളിൽ ജില്ലാ സ്പോർട്സ് അക്കാഡമികൾ, കോളേജ് സ്പോർട്സ് അക്കാഡമികൾ, സ്കൂൾ സ്പോർട്സ് അക്കാഡമികൾ, ഡേ ബോർഡിംഗ് സെന്ററുകൾ എന്നിവ വഴി തെരഞ്ഞെടുക്കപ്പെട്ട യുവകളിക്കാർക്ക് പരിശീലനം നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**